# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പ്രം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.P.T.A.P4/660/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 15/07/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പ്രം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.P.T.A.P4/660/22 തീയ്യതി: 15/07/2022

## പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 30-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ. എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2022 | 24-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-06-2022 | 24-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.ജി.സുനിൽകുമാർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീമതി റ്റി പ്രസന്നകുമാരി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ രാജേഷ്കുമാർ ആർ | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ പി മനോജ് കുമാർ | സെക്രട്ടറി | 10-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മേരി ജെസ്സി ഡിക്രൂസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| ശ്രീമതി പ്രമീള പിപി | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 29-07-2020 |
| ശ്രീമതി അനശ്രീ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2020 | 11-02-2021 |
| ശ്രീ റാസിഫ് എം | അസിസ്റ്റന്റ് എഞ്ചിനീയർ | 12-02-2021 | 31-03-2021 |
| ഡോ.ജിഷ സുജാതൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി ബിൻസി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ അരുൺ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഗിരിജകുമാരി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി റസീന എച്ച് | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ ഉല്ലാസ്.എൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ബിന്ദുദേവി.ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രിയ.ഐ | കൃഷി ഓഫീസർ | 01-04-2020 | 09-07-2020 |
| ശ്രീ റ്റി.വൈ.ജയൻ | കൃഷി ഓഫീസർ | 10-07-2020 | 09-09-2020 |
| ശ്രീമതി ലിനി ജേക്കബ് | കൃഷി ഓഫീസർ | 10-09-2020 | 28-09-2020 |
| ശ്രീ ഷായിസ്.എസ് | കൃഷി ഓഫീസർ | 29-09-2020 | 23-10-2020 |
| ശ്രീമതി ആൻസി.ആർ.ജെ | കൃഷി ഓഫീസർ | 24-10-2020 | 01-12-2020 |

| | | | |
|---|---|---|---|
| ശ്രീ ഷായിസ്.എസ് | കൃഷി ഓഫീസർ | 02-12-2020 | 27-02-2021 |
| ശ്രീ സുധീന്ദ്ര.വൈ | കൃഷി ഓഫീസർ | 28-02-2021 | 31-03-2021 |
| ഡോ.ജൂലി ജെയിംസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 21-01-2021 | 31-03-2021 |
| ഡോ.ബിനോയ് ജോൺ | വെറ്റിനറി സർജൻ | 01-04-2020 | 16-09-2020 |
| ഡോ. നിമില ജോസഫ്.ഇ | വെറ്റിനറി സർജൻ | 17-09-2020 | 30-03-2021 |
| ഡോ. നിമില ജോസഫ്.ഇ | വെറ്റിനറി സർജൻ | 30-03-2021 | 31-03-2021 |
| ഡോ.ബെറ്റി വി എസ്. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 20-01-2021 |
| ഡോ.ജൂലി ജോർജ്ജ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 21-01-2021 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha M Kuruvilla (Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Arun P B (Senior Grade Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun P B (Senior Grade Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun P B (Senior Grade Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Asha M Kuruvilla (Auditor, On 23-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1- 5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: N Pradeep Kumar (Audit Officer (HG), On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Asha M Kuruvilla (Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Asha M Kuruvilla (Auditor, On 23-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1- 8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Asha M Kuruvilla (Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1- 10 |
| 11 | ചട്ടവിരുദ്ധമായി നികുതി നിർണ്ണയിച്ചു; പഞ്ചായത്തിനു വരുമാന നഷ്ടം<br>Written By: Asha M Kuruvilla (Auditor, On 24-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1- 11 |
| 12 | കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ജാമ്യനിക്ഷേപതുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 24-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1- 12 |
| 13 | കാർഷിക പദ്ധതികൾ - വാങ്ങിയ നടീൽ വസ്തുക്കളുടെ വിതരണ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Arun P B (Senior Grade Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-13 |
| 14 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെറിയ അളവിലായി നടപ്പാക്കുന്നു<br>Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-14 |
| 15 | നെൽക്കൃഷി വികസനം - കൃഷി ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Arun P B (Senior Grade Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-15 |
| 16 | പ്രളയഫണ്ട് ലാപ്സായി | 1-16 |

| | | |
|---|---|---|
| | Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | |
| 17 | ജിഎസ്ടി കുറവു ചെയ്യാതെ തുക നൽകി<br>Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-17 |
| 18 | സബ്സിഡി ഇനത്തിൽ അധികം തുക ചെലവഴിച്ചു<br>Written By: Arun P B (Senior Grade Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-18 |
| 19 | മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ഇല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-19 |
| 20 | പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സുതാര്യമല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-20 |
| 21 | എഗ്രിമെന്റിൽ ഏർപ്പെടാതെ വിവിധ ഏജൻസികളിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്നു<br>Written By: Arun P B (Senior Grade Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-21 |
| 22 | കിണർ റീചാർജിംഗ് പ്രവൃത്തികൾ നടപ്പാക്കിയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-22 |
| 23 | അങ്കണവാടികൾക്ക് പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-23 |
| 24 | വാഹന വാടക അധികം നൽകി<br>Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-24 |
| 25 | വിവിധ പദ്ധതികളിലായി മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു<br>Written By: Asha M Kuruvilla (Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-25 |
| 26 | ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത – സാന്ത്വനം പരിചരണ പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്നു<br>Written By: Asha M Kuruvilla (Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1-26 |
| 27 | തനത് ഫണ്ട് പിൻവലിക്കൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Asha M Kuruvilla (Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 1- 27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സബ്സിഡി ഇനത്തിൽ അധികമായി അനുവദിച്ച തുക നിരാകരിക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 26-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P Anilkumar (Senior Grade Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: P Anilkumar (Senior Grade Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: P Anilkumar (Senior Grade Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P Anilkumar (Senior Grade Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P Anilkumar (Senior Grade Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P Anilkumar (Senior Grade Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P Anilkumar (Senior Grade Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P Anilkumar (Senior Grade Auditor, On 25-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 15-07-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 18.03.2020ലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 18.02.2021ലെ I(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ എയിംസിൽ (Audit Information Management System) ഇ-സബ്മിറ്റ് ചെയ്തിട്ടില്ല. ആയത് 06.08.2021 ൽ മാനവൽ ആയി സബ്മിറ്റ് ചെയ്തിട്ടുണ്ട്. വാർഷികകണക്കുകളുടെ പരിശോധന പ്രകാരം കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. SBI-67358449190, Sub Treasury-799013000000125, SBI-37190542270, Sub Treasury-799011400000764 എന്നീ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. സർവ്വീസ് കോർപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് പാസ്സ് ബുക്ക് (1772) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഷെഡ്യൂൾ B4 – അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ,സമ്പൂർണ്ണ ശുചിത്വം(320300103), സാക്ഷരതാ സ്കീം ഗ്രാന്റ്(320100197), തൊഴിലുറപ്പ് പദ്ധതി(320100128) എന്നിവ ഒഴികെയുള്ളവയുടെ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4. ഷെഡ്യൂൾ B7- ഡിപ്പോസിറ്റ് രജിസ്റ്ററിൽ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ സംക്ഷിപ്തം എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

5. ഷെഡ്യൂൾ B9- ലൈബ്രറി സെസ്സ് ഇനത്തിൽ 109,383 രൂപ ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും 94656 രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. VAT ഇനത്തിൽ 28,903 രൂപ ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രേഖകൾ ലഭ്യമല്ല. വാട്ടർ ചാർജ്ജ് റീഫണ്ട്സ് പേയബിൾ ഇനത്തിൽ 16,44,238 രൂപ ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

6. ഷെഡ്യൂൾ B18- ഫെസ്റ്റിവൽ അഡ്വാൻസ്-13,000, KWA-10,15,000, KSEB-14,21,725, PWD-7,22,000, നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ – 1,12,220, മറ്റുള്ളവർക്കുള്ള മുൻകൂർ – 5,34,898 എന്നിവ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ ലഭ്യമല്ല.

7. ഷെഡ്യൂൾ B11- സ്ഥിര ആസ്തികളുടെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമല്ല.

8. സ്ഥിരനിക്ഷേപം ഇനത്തിൽ നീക്കിയിരിപ്പുള്ള തുക B12 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,03,89,458 |
| വരവ് | 5,83,54,870 |
| ആകെ | 6,87,44,328 |
| ചെലവ് | 5,99,23,189 |
| നീക്കിയിരിപ്പ് | 88,21,139 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജ) | 0 | 14244714 | 14244714 | 13113167 | 1131547 |
| വികസനഫണ്ട് (SCP) | 0 | 2844000 | 2844000 | 2296969 | 547031 |
| വികസനഫണ്ട് (TSP) | 0 | 105000 | 105000 | 0 | 105000 |
| CFC (TIED) | 0 | 2730000 | 2730000 | 2634382 | 95618 |
| CFC (UNTIED) | 0 | 5607894 | 5607894 | 3127244 | 2480650 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (Road) | 0 | 14868000 | 14868000 | 14845385 | 22615 |
| മെയിന്റനൻസ് ഗ്രാന്റ് (Non Road) | 0 | 3492000 | 3492000 | 3228145 | 263855 |

മറ്റ് ഫണ്ടുകൾ

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് | 264228 | 489563 | 753791 | 639114 | 114677 |
| ശുചിത മിഷൻ | 743735 | 62500 | 806235 | 461992 | 344243 |
| ടോട്ടൽ സാനിറ്റേഷൻ | 499722 | 1310388 | 1810110 | 1427053 | 383057 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം, വോട്ടിംഗ് മെഷീന്റെ വില ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഇനം (സോഴ്സ് ഡിഡക്ഷൻ) | കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട് – ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 702196 |
| വികസന ഫണ്ട് – ജനറൽ | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | 657000 |
| വികസന ഫണ്ട് – എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 87843 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | വോട്ടിംഗ് മെഷീന്റ വില | 35319 |

## 1- 5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 226 | 74747516 | 187 | 49052090 | 0 | 39 | 83% |

2020-21 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 08.01.2020, 03.03.2020 |
| ഗ്രാമസഭകൾ | 07.02.2020 – 16.02.2020 |
| സ്റ്റാന്റിംഗ് കമ്മിറ്റി | 16.03.2020 |
| വികസന സെമിനാർ | 29.02.2020 |
| പഞ്ചായത്ത് കമ്മിറ്റി | 20.03.2020 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്ത പ്രോജക്ടുകൾ തന്നെ നിർദേശിക്കുകയാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച | നടപ്പിലാക്കിയ | അടങ്കൽ | ചെലവ് |
|---|---|---|---|---|

| | പ്രോജക്ടുകൾ | പ്രോജക്ടുകൾ | | |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 5168137 | 3521457 |
| വെറ്ററിനറി സർജൻ | 10 | 6 | 5744520 | 2775500 |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 5 | 5 | 1502921 | 1260425 |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 2 | 168500 | 168500 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 564800 | 249349 |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 11 | 15449439 | 4789078 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 6 | 2885550 | 2561288 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 7 | 7 | 3020700 | 2745398 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 386285 | 319285 |
| സെക്രട്ടറി | 33 | 28 | 6173682 | 5268303 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് | 5 | 5 | 1145357 | 908929 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 128 | 103 | 32537625 | 24484578 |
| ആകെ | 226 | 187 | 74747516 | 49052090 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| | | | വേതനം | വാടക | ഭരണച്ചെലവ് | ആകെ | |
| 1 | 20672578 | 20672579 | 12691585 | 6903584 | 751334 | 20346503.25 | 326075 |

## 1-7 ക്ഷേമപദ്ധതികൾ

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 301 | 58,95,400 |
| വിധവാപെൻഷൻ | 466 | 86,20,200 |
| വാർദ്ധക്യകാലപെൻഷൻ | 1327 | 2,17,02,400 |
| മാനസിക - ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 175 | 32,14,400 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 23 | 4,62,500 |
| തൊഴിൽ രഹിത വേതനം | 2 | 5,040 |

## 1- 8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.06.2022 തീയതിയിൽ 4.15 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 2840 (രണ്ടായിരത്തി എണ്ണൂറ്റി നാൽപത്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. വിവിധ സാമഗ്രികൾ സ്റ്റോക്കിൽ എടുത്ത തീയതി, കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിവരം സൂക്ഷിക്കുന്ന രജിസ്റ്ററിൽ അവ വാർഷിക മെയിന്റനൻസ് നടത്തിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. പദ്ധതികളുടെ ഭാഗമായി വാങ്ങിയ തെരുവുവിളക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും അവ വിതരണം ചെയ്തത് സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്ക് നൽകിയ തുകയുടെയും, നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ തുകയുടെയും വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ, വാർഷിക റെക്കൺസിലേഷൻ നടത്തിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ എല്ലാ ഡെപ്പോസിറ്റുകളുടെ വിവരം ചേർത്തിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല. പ്രവൃത്തി പൂർത്തീകരിച്ച തീയതി ടി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ടെണ്ടറുകളിൽ പങ്കെടുക്കുന്ന എല്ലാ കരാറുകാരുടെയും ഒപ്പ്, ക്വോട്ട് ചെയ്ത തുക എന്നിവ പൂർണ്ണമായി ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1- 10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2017 മുതൽ 07.09.2017 വരെ | 2012-13 മുതൽ 2016-17 വരെ | 02.11.2017 |
| പെർഫോമൻസ് ഓഡിറ്റ് | 18.04.2022 മുതൽ 20.04.2022 വരെ | 01.04.2021 മുതൽ 31.12.2021 വരെ | ലഭ്യമായിട്ടില്ല |

## 1- 11 ചട്ടവിരുദ്ധമായി നികുതി നിർണ്ണയിച്ചു; പഞ്ചായത്തിനു വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിനു നികുതി നഷ്ടമുണ്ടായി. കെട്ടിട ഉടമകൾ, സൗകര്യാർത്ഥം ഒന്നിലധികം മുറികളായി തിരിച്ചിട്ടുള്ള വലിയ കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും പഞ്ചായത്തിൽനിന്ന് പ്രത്യേകം നികുതി നിർണ്ണയിച്ചതിലാണ് പിഴവുണ്ടായിട്ടുള്ളത്.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള പരിശോധനയിൽ, ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 60 രൂപയും, 100 ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 70 രൂപയുമാണെന്ന് കാണുന്നു.

ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പറയുന്നു.

ഒരേ ഉടമസ്ഥതയിലും ഒരേ ഉപയോഗക്രമത്തിലുമുള്ള കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണത്തിന് അനുസൃതമായി വസ്തുനികുതി നിർണ്ണയിക്കണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ, 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ ഒറ്റ യൂണിറ്റായി പരിഗണിക്കാതെ 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിൽ (₹60/m2) നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം (ച.മീ) | റിമാർക്ക് |
|---|---|---|---|---|
| 1 | തോംസൺ പള്ളത്ത് റീന പ്ലാസ, കല്ലുങ്കൽ | IX/350, 351, 352, 353, 354, 356 | 25+25+25+ 25+66+11 =177 | |

| | | | | |
|---|---|---|---|---|
| 2 | സെക്രട്ടറി/പ്രസിഡൻറ്, എൻ.എസ്.എസ്.കരയോഗം നം.1317 | VII/411, 412, 413, 414 | 52.8+26.4+ 26.4+52.8 =158.4 | |
| 3 | ശ്രീകുമാർ, മാധവസദനം | II/218 A, B, C D, E, F | 13.02+13.02+13.02+ 13.02+32.73+32.51 =117.32 | |
| 4 | എബ്രഹാം ജോർജ്ജ്, തട്ടുപുരയ്ക്കൽ | VII/2/B, C, D | 32.25+470.7+ 784.7 =1287.65 | 2/B- എന്ന കെട്ടിടഭാഗം 100 ച.മീ.ൽ കുറവായി കണക്കാക്കി നികുതി നിർണ്ണയിച്ചു. |

വസ്തുനികുതി നിർണ്ണയിച്ചതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ 6-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും തരത്തിന്റെയോ ഘടകത്തിന്റെയോ കാര്യത്തിൽ കെട്ടിട ഉടമ മാറ്റം വരുത്തുന്ന പക്ഷം ആയത് പരിശോധിച്ച് വസ്തുനികുതി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1), (2), (3) എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ നികുതിയിൽ വർദ്ധനവുണ്ടാകുന്നതാണ്. നികുതി നിർണ്ണയത്തിനുശേഷം ഇത്തരം കെട്ടിടങ്ങളിൽ പരിശോധന നടത്തുകയോ നികുതി പുനർ നിർണ്ണയിക്കുകയോ ചെയ്തിട്ടുണ്ടോയെന്നും നികുതി നിർണ്ണയം നടത്തിയതിനുശേഷം പഞ്ചായത്തിൽനിന്ന് പെർമിറ്റ് എടുക്കാതെ കെട്ടിട ഭാഗങ്ങൾ കൂട്ടിച്ചേർക്കുകയോ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടോ എന്നും കണ്ടെത്തുന്നതിനുവേണ്ടി പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.11 തീയതി 11.06.2022) സെക്രട്ടറി നൽകിയ മറുപടിയിൽ, പട്ടികയിൽ പരാമർശിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചതിനുശേഷം കെട്ടിടത്തിന് മാറ്റം വരുത്തിയിട്ടുണ്ടോ എന്നതു സംബന്ധിച്ച പരിശോധന നടത്തിയിട്ടില്ലായെന്നും ഇപ്രകാരം ഒരു പരിശോധന അടിയന്തിരമായി നടത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി.

പട്ടികയിൽ പരാമർശിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. വസ്തുനികുതി നിർണ്ണയിച്ചതിനുശേഷം കെട്ടിടത്തിന്റെ മാറ്റത്തിനനുസരിച്ചുള്ള നികുതി നിർണ്ണ നടത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1- 12 കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ജാമ്യനിക്ഷേപതുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ സെക്യൂരിറ്റി രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തിരികെ നൽകാതെ അവശേഷിക്കുന്നതായി കണ്ടു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6) പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.9 തീയതി 14.06.22) നൽകിയ മറുപടിയിൽ ചുവടെ ചേർക്കും പ്രകാരമുള്ള കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകളുടെ വിവരം ലഭ്യമാക്കി.

| ഡെപ്പോസിറ്റ് തീയതി | ഇനം | തുക | രസീത് നമ്പർ/സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് നം. തീയതി |
|---|---|---|---|
| 16.12.2017 | സപ്ലേസ് ഇ.എം.ഡി | 2000 | 117030102333 |
| 16.12.2017 | സപ്ലേസ് ഇ.എം.ഡി | 2000 | 117030102334 |
| 05.10.2017 | ബിഡേഴ്സ് ഇ.എം.ഡി | 650 | 117030101606 |
| 05.10.2017 | ബിഡേഴ്സ് | 650 | 117030101605 |

| | | | |
|---|---|---|---|
| | ഇ.എം.ഡി | | |
| 14.03.2018 | ബിഡേഴ്സ് ഇ.എം.ഡി | 600 | 117030103988 |
| 14.03.2018 | ബിഡേഴ്സ് ഇ.എം.ഡി-യാനം | 200 | 117030104004 |
| 14.03.2018 | ബിഡേഴ്സ് ഇ.എം.ഡി-യാനം | 200 | 117030104008 |
| 15.03.2018 | ബിഡേഴ്സ് ഇ.എം.ഡി-യാനം | 300 | 117030104034 |
| 22.11.2017 | | 2231 | 117010900024 |
| മുതൽ കൂട്ടേണ്ട ആകെ തുക | | ₹ 8831 | |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ 3 വർഷം കാലാവധി തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കൃത്യമായി പാലിക്കുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും റിക്കോർഡുകളുടെ പരിപാലനവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും രജിസ്റ്ററുകളുടെ പരിപാലനം (ഓരോ വർഷവും മുൻവർഷങ്ങളിലെ നീക്കിയിരിപ്പായിട്ടുള്ള തുകകൾ വർഷം തിരിച്ച് ക്യാരിഓവർ ചെയ്യുവാനും) കുറ്റമറ്റതാക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ ഭരണസമിതിയുടെ അംഗീകാരത്തോടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 കാർഷിക പദ്ധതികൾ - വാങ്ങിയ നടീൽ വസ്തുക്കളുടെ വിതരണ രേഖകൾ ലഭ്യമാക്കിയില്ല

കിഴങ്ങ് വർഗ്ഗകൃഷിയുമായി ബന്ധപ്പെട്ട് (പ്രോ.നം.224/21) കിഴങ്ങ് വിളകളുടെ 135 എണ്ണം കിറ്റുകൾ വാങ്ങിയതിന് പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് 50,000 രൂപയും (ബിൽ നം.225/25.02.2021) ഗ്രോബാഗും പച്ചക്കറി തൈകളും വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് (പ്രോ.നം.225/21), 4167 എണ്ണം ഗ്രോബാഗുകളും പച്ചക്കറി തൈകളും വാങ്ങിയതിന് പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് 2,50,000 രൂപയും (ബിൽ നം.224/24.02.2021) ഇടവിളകൃഷി വികസനവുമായി ബന്ധപ്പെട്ട് (പ്രോ.നം.154/21) കിഴങ്ങ് (450 എണ്ണം), ജാതി (500 എണ്ണം), കുറ്റിക്കുരുമുളക് (1350 എണ്ണം), പച്ചക്കറി വിത്ത് (60,000 എണ്ണം) എന്നിവ വാങ്ങിയതിന് പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് 10,00,000 രൂപയും (ബിൽ നം.02/11.04.2020, 03/11.04.2020, 04/11.04.2020, 05/11.04.2020) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ള നടീൽ വസ്തുക്കൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/21.06.2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 13,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണ വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതാണ്.

## 1-14 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെറിയ അളവിലായി നടപ്പാക്കുന്നു

ചെറിയ അളവിൽ മാത്രം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി പ്രവൃത്തികൾ ഏറ്റെടുക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ച് നൽകി പദ്ധതികൾ നടപ്പാക്കുന്നത് മൂലമാണ് ഈ ദുരവസ്ഥ ഉണ്ടാകുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാറുകാരൻ | പ്രവൃത്തിമൂല്യം | റോഡിന്റെ നീളം (മീറ്റർ) |
|---|---|---|---|---|
| 1 | മണക്കണ്ടത്തിൽപ്പടി-കുന്നകണ്ടത്തിൽപ്പടി റോഡ് കോൺക്രീറ്റിംഗ് S27/21 (100000) | ജോൺ.കെ.പി | 99688 | 28.5 |

| | | | | |
|---|---|---|---|---|
| 2 | കീഴാത്ത് പടി - ചാപ്പഴ റോഡ് കോൺക്രീറ്റിംഗ് S31/21 (80000) | ഐപ്പ്.എം | 70860 | 31 |
| 3 | ആശ്രയ റോഡ് രണ്ടാം റീച്ച് കോൺക്രീറ്റിംഗ് S34/21 (31000) | ഐപ്പ്.എം | 30250 | 7.75 |
| 4 | ചാപ്പഴ റോഡ് കോൺക്രീറ്റിംഗ് S113/20 (142000) | മോൻസൺ ഐസക് | 130014 | 42 |

ഇപ്രകാരം ചെറിയ അളവിൽ കോൺക്രീറ്റ് ചെയ്യുന്ന റോഡുകൾ ഗതാഗതയോഗ്യമാകുന്നു എന്നും പ്രസ്തുത റോഡുകളിലെ ബാക്കി ഭാഗങ്ങൾ മുൻവർഷങ്ങളിൽ കോൺക്രീറ്റ് ചെയ്തിരുന്നു എന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ച് നൽകി സങ്കുചിത കാഴ്ച്ചപ്പാടോടെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് അനഭലഷണീയമായ പ്രവണതയാണ്. അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്ത ഉൾക്കൊണ്ടും ഏറ്റെടുക്കുന്ന റോഡുകൾ ഗതാഗതയോഗ്യമാകുന്നു എന്ന് ഉറപ്പ് വരുത്തിയും പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഭരണതല നടപടികൾക്കായി ശുപാർശ ചെയ്യുന്നു.

## 1-15 നെൽക്കൃഷി വികസനം - കൃഷി ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല

നെൽക്കൃഷി വികസനവുമായി ബന്ധപ്പെട്ട മൂന്ന് പദ്ധതികൾ പ്രകാരം കർഷകർക്ക് കൂലിച്ചെലവ് ഇനത്തിൽ ആകെ 12,91,737 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | വകയിരുത്തിയ തുക | ചെലവ് തുക (കൂലിച്ചെലവ്) | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1 | നെൽകൃഷി വികസനം, SO 19/21 | 5,00,000 - വികസനഫണ്ട് 5,00,000 - ജില്ലാ പഞ്ചായത്ത് | 5,40,000 | 290/19.03.2021 |
| | | | | 321/26.03.2021 |
| 2 | തരിശ് നെൽക്കൃഷി, SO 223/21 | 1,00,000- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 90,500 | 323/26.03.2021 |
| 3 | നെൽകൃഷി വികസനം, SO 141/21 | 1,71,637 – വികസനഫണ്ട് 6,50,000 – ജില്ലാ പഞ്ചായത്ത് | 6,61,237 | 60/30.06.2020 |
| | | | | 62/30.06.2020 |
| | | | | 58/30.06.2020 |
| | | | | 59/30.06.2020 |
| | | | | 57/30.06.2020 |
| ആകെ | | | 12,91,737 | |

കൃഷി ഭൂമിയുടെ വിസ്തൃതിയ്ക്ക് ആനുപാതികമായിട്ടാണ് കൂലിച്ചെലവ് അനുവദിക്കുന്നത്. ആയതിനാൽ കൂലിച്ചെലവ് സബ്സിഡി ലഭ്യമായ കർഷകർ നെൽക്കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.04/21.06.2022) നൽകിയെങ്കിലും രേഖകളോ മറുപടിയോ ലഭ്യമാക്കിയില്ല. കൃഷി ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ കർഷകർക്ക് ലഭ്യമായ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ ചെലവ് തുക 12,91,737 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതാണ്.

## 1-16 പ്രളയഫണ്ട് ലാപ്സായി

പഞ്ചായത്തിനു സർക്കാർ നൽകിയ ലഭിച്ച പ്രളയഫണ്ട് പൂർണ്ണമായും ചെലവഴിച്ചില്ല. പൊതുവിഭാഗം ഫണ്ട് 1102743 രൂപയും പട്ടികജാതി ഫണ്ട് 467000 രൂപയുമാണ് ലാപ്സായത്.

പ്രളയം ബാധിച്ച പ്രാദേശിക സർക്കാറുകൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിന്റെ ഭാഗമായി 12/12/2019-ലെ സർക്കാർ ഉത്തരവ് (സാധാ.)നം.9823/2019/ധനം പ്രകാരം നെടുമ്പ്രം ഗ്രാമപഞ്ചായത്തിന് പൊതുവിഭാഗം, എസ്.സി.പി. ഇനങ്ങളിൽ യഥാക്രമം ₹6609000, ₹467000 വീതം ലഭിച്ചിരുന്നു.

പ്രകൃതി ദുരന്തത്താൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുള്ള ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം തുക ലഭിച്ചത്. പൊതുവിഭാഗം ഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിച്ച് 5506257 രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്.സി.പി. തുക ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പിലായില്ല.

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, സ്വയം തൊഴിൽ സംരംഭം എന്നീ മേഖലകളിൽ ജീവനോപാധിക്കായി ഫലപ്രദമായി വിനിയോഗിക്കുന്നതിന് സർക്കാർ അനുവദിച്ച ഫണ്ട് ലാപ്സാക്കിയതിന്റെ കാരണം അറിയുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം.06/22.06.2022)നൽകി. ലഭിച്ച ഫണ്ട് ഉൾപ്പെടുത്തി 2019-20ൽ പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും കോവിഡ് പടർന്നതിനാൽ ആ വർഷം പ്രോജക്ടുകൾ പൂർത്തീകരിക്കാൻ സാധിച്ചില്ലെന്നും, 2020-21ൽ സ്പിൽ ഓവറാക്കിയെങ്കിലും ടെണ്ടർ നടപടികളിലെ പ്രശ്നങ്ങളും കോവിഡും മൂലം നടപ്പായില്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. അടിസ്ഥാന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ ലഭ്യമാക്കുന്ന ഫണ്ടുകൾ ഫലപ്രദമായും സമയബന്ധിതമായും ഉപയോഗപ്പെടുത്തുന്നതിന് കൂടുതൽ ജാഗ്രത പുലർത്തുന്നതിനായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 ജിഎസ്ടി കുറവ് ചെയ്യാതെ തുക നൽകി

ഉറവിട മാലിന്യ സംസ്കരണത്തിനുവേണ്ടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ "സമ്പൂർണ്ണ ശുചിത്വം ബയോബിൻ" (പ്രോജക്ട് നം.45/21) എന്ന പ്രോജക്ട് പ്രകാരം 858000 രൂപ ചെലവഴിച്ച് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, മുണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്ന് 390 ബക്കറ്റ് കംപോസ്റ്റ് യൂണിറ്റ്, 260 ബയോ കമ്പോസ്റ്റർ ബിൻ എന്നിവ വാങ്ങിയിരുന്നു. മൂന്ന് തവണയായിട്ടാണ് ബിൽ തുക നൽകിയത്. 250000 രൂപയിൽ കൂടിയ തുകയ്ക്കുള്ള വാങ്ങലുകൾക്ക് ഉറവിടത്തിൽ നിന്ന് രണ്ട് ശതമാനം ജിഎസ്ടി കുറവ് ചെയ്യേണ്ടതാണെന്ന് ജിഎസ്ടി നിയമത്തിലെ 51(1)-ാം വകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം നികുതി കുറച്ചിട്ടല്ല തുക നൽകിയത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/23.06.2022) നൽകിയ മറുപടിയോടൊപ്പം, പ്രസ്തുത സ്ഥാപനം പിന്നീട് ജിഎസ്ടി അടച്ചതിന്റെ രേഖ, നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കി. നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായിട്ടുള്ളവർ അത് കൃത്യമായി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാണ്, ഉറവിടത്തിൽ നിന്ന് നികുതി കുറവ് ചെയ്യണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 സബ്സിഡി ഇനത്തിൽ അധികം തുക ചെലവഴിച്ചു

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വാഴക്കൃഷി വികസനം, ചീരഗ്രാമം എന്നീ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ജൈവവളം വാങ്ങി വിതരണം ചെയ്തതിന്, വികസനഫണ്ടിൽ നിന്ന് 13,250 രൂപ സബ്സിഡി ഇനത്തിൽ അധികമായി ചെലവഴിച്ചു. വിശദവിവരം ഖണ്ഡിക 3-1-ൽ പരാമർശിച്ചിട്ടുണ്ട്.

## 1-19 മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ഇല്ല

കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2113 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിശ്ചിത മാതൃകയിലുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. പണി തൃപ്തികരമായി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിക്കൊണ്ട് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ആണ് ഫയലിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം നടപ്പാക്കിയ ഒരു മരാമത്ത് പ്രവൃത്തിയ്ക്കും ഇപ്രകാരം മോണിട്ടറിംഗ് സമിതി റിപ്പോർട്ട് വാങ്ങി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ ബോർഡ് കൂടി ഓരോ പ്രവൃത്തിയുടെയും ഭാഗമായി സ്ഥാപിക്കേണ്ടതാണ് എന്ന് 21.06.2018 ൽ ഇ20/6699/സി.ഇ/തസ്വഭവ ആയുള്ള സർക്കുലറിലെ നിർദ്ദേശവും പാലിച്ചിട്ടില്ല. നടപ്പ് വർഷം മുതൽ അപാകങ്ങൾ പരിഹരിച്ചുകൊണ്ട് പ്രവൃത്തി നിർവ്വഹണം നടത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സുതാര്യമല്ല

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടറിലൂടെ നടപ്പാക്കിയ പ്രവൃത്തികൾ ഒഴികെയുള്ളവയുടെ ടെണ്ടർ നടപടികൾ സുതാര്യമായിരുന്നില്ല. പത്രപ്പരസ്യം നൽകി ഓപ്പൺ ടെണ്ടറിലൂടെ ഒട്ടേറെ പ്രവൃത്തികൾക്ക് 2 ടെണ്ടർ മാത്രമാണ് ലഭിച്ചത്. ഒന്നിന് എസ്റ്റിമേറ്റ് നിരക്കിലും, അടുത്തതിന് എസ്റ്റിമേറ്റിനേക്കാൾ ഒന്നോ രണ്ടോ ശതമാനം കുറവിലും എന്ന തരത്തിലാണ് ടെണ്ടറുകൾ സമർപ്പിക്കപ്പെട്ടത്. ഭൂരിഭാഗം ടെണ്ടറുകളിലും നിരക്ക് സമർപ്പിച്ച കരാറുകാരൻ ഏതെങ്കിലും ഒരു പേജിൽ മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത എല്ലാ കരാറുകാരുടെയും ഒപ്പ്, ക്വോട്ട് ചെയ്ത തുക എന്നിവ പൂർണ്ണമായി ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം സുതാര്യമല്ലാത്ത ടെണ്ടർ നടപടികളിലൂടെ ഒട്ടേറെ പ്രവൃത്തികൾ നടപ്പാക്കിയത് ഗൗരവത്തോടെ കാണുന്നു. അപാകങ്ങളിന്മേൽ ഭരണതലത്തിൽ പരിഹാരനടപടികൾക്കായി ശുപാർശ ചെയ്യുന്നു.

## 1-21 എഗ്രിമെന്റിൽ ഏർപ്പെടാതെ വിവിധ ഏജൻസികളിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്നു

വിവിധ വാർഡുകളിൽ അപകടാവസ്ഥയിൽ നിൽക്കുന്നതും ഗതാഗത തടസ്സമുണ്ടാക്കി നൽക്കുന്നതുമായ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 1,26,095 രൂപയും (പ്രോ.നം.47/21, ബിൽ നം.34/10.02.21) വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടുന്നതിനായി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 3,00,000 രൂപയും (പ്രോ.നം.33/21, ബിൽ നം.49/24.03.21) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക ഡിപ്പോസിറ്റ് ചെയ്യുന്നതിന് മുൻപ് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. കരാർ ഉടമ്പടിയും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/24.06.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി എന്ന് അറിയിച്ചു. കരാർ ഉടമ്പടിയും KWAയിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയ ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 കിണർ റീചാർജിംഗ് പ്രവൃത്തികൾ നടപ്പാക്കിയില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി കിണർ റീചാർജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ് എന്ന് സർക്കാർ 09.11.2016ലെ സ.ഉ.(എം.എസ്)161/16/LSGD നമ്പർ ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. റീചാർജ് ആവശ്യമുള്ള കിണറുകൾ ഒരു സമഗ്രമായ സർവ്വേയിലൂടെ കണ്ടെത്തേണ്ടതാണ് എന്നും ഇപ്രകാരം റീചാർജിംഗിന് ആവശ്യമായ സാധനസാമഗ്രികളുടെ അളവ് തൊഴിലുറപ്പ് പദ്ധതിയുടെ അസിസ്റ്റന്റ് എഞ്ചിനീയർ കൃത്യമായി നിർണ്ണയിക്കേണ്ടതും ടെണ്ടർ നടപടികളിലൂടെ സെക്രട്ടറി അവ വാങ്ങി പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തശേഷം പ്രവൃത്തി ചെയ്യുന്നതിന് അതാത് സ്ഥലങ്ങളിൽ എത്തിക്കേണ്ടതുമാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കിണറുകൾ ജലസമൃദ്ധി ഉള്ളതാക്കുന്നതിന് ഉതകുന്ന റീചാർജിംഗ് പ്രവൃത്തികൾ ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്തിൽ ഏറ്റെടുത്തിട്ടില്ല എന്നത് ന്യൂനതയാണ്.

അപാകം സംബന്ധിച്ച് പരിഹാരനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-23 അങ്കണവാടികൾക്ക് പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന നാല് അങ്കണവാടികളുണ്ട്. വാടക നൽകാൻ സാമൂഹ്യനീതി വകുപ്പിൽനിന്ന് പ്രതിമാസം 1000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ അങ്കണവാടികൾക്ക് ഉയർന്ന നിരക്കിലുള്ള വാടക കൊടുക്കേണ്ടിവരുന്നു. അങ്കണവാടി നം. 62, 69, 72 എന്നിവയ്ക്ക് 2500 രൂപയും അങ്കണവാടി നം.64ന് 2000 രൂപയുമാണ് വാടക. സർക്കാർ നൽകുന്ന തുക അപര്യാപ്തമായതിനാൽ അധികം വേണ്ടിവരുന്ന തുക അതത് അങ്കണവാടികളിലെ വർക്കർമാർതന്നെ വഹിക്കുകയാണെന്ന് ഐസിഡിഎസ് സൂപ്പർവൈസർ രേഖാമൂലം അറിയിച്ചു.

"വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സംബന്ധിച്ചിടത്തോളം, കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം വഹിക്കേണ്ടതാണ് " എന്ന് അങ്കണവാടിക്കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം എന്നിവ സംബന്ധിച്ച സർക്കുലർ നമ്പർ 31055/DC2 /2011/ത.സ്വ.ഭ.വ തീയതി 22.03.2011 നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക വാർഷിക പദ്ധതിയുടെ ഭാഗമായി കണ്ടെത്തേണ്ടതാണെന്നും ഇതിന് വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവ അതത് ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതുമാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ പറയുന്നു.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ)നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.8.2(1&2)ൽ നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയുമായും വനിതാ ശിശുവികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്റ്റുകൾ ഏറ്റെടുക്കാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗരേഖ അനുശാസിക്കുന്നു. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പപദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശുവികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6എ.8-ലും പറഞ്ഞിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-24 വാഹന വാടക അധികം നൽകി

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ "അനുപൂരക പോഷകാഹാര പദ്ധതി" (35/2021) എന്ന പ്രോജക്റ്റിന്റെ ഭാഗമായി പൊടിയാടി മാവേലി സ്റ്റോറിൽനിന്ന് 18.09.2020ൽ വാങ്ങിയ 2532 കിലോഗ്രാം ഭക്ഷണ

സാധനങ്ങൾ പഞ്ചായത്തിലെ എല്ലാ അങ്കണവാടികളിലും എത്തിച്ചതിന് വാഹനക്കൂലിയിനത്തിൽ വാഹന ഉടമയായ ശ്രീ അഫ്സലിന് 9369 രൂപ നൽകിയിട്ടുണ്ട് (ചെക്ക് നം.261156/21.10.2020). 2020-21 സാമ്പത്തിക വർഷം കിലോഗ്രാമിന് മൂന്ന് രൂപ എന്ന നിരക്കിലാണ് വാഹന ഉടമയുമായി വാടകയ്ക്ക് കരാറുള്ളത്. പ്രസ്തുത കരാർ പ്രകാരം 7596 രൂപയാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ 1773 രൂപ അധികമായി നൽകി.

ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് 22.06.2022ൽ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ 1773 രൂപ വാഹന ഉടമയിൽനിന്ന് തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 1-25 വിവിധ പദ്ധതികളിലായി മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികൾ മുഖേന മരുന്ന് വാങ്ങുന്നതിന് 7,33,684 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂറായി നൽകിയ തുകയിൽ 1,47,750 രൂപയുടെ മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം, പദ്ധതിയുടെ പേര് | ചെലവ് വിവരങ്ങൾ | | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|---|
| | | ബിൽ റഫറൻസ് നം | പ്രഫോമ ഇൻവോയിസ് നം. | |
| 1. | S0109/21- പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി | ₹ 2,00,000<br>BRNo. 2007101105518<br>Date 18.02.2021 | PRF4926<br>Date 29.01.2021<br>₹ 2,00,000 | 9,100- യുടെ മരുന്ന് ലഭിക്കുവാനുണ്ട് |
| 2. | S0167/21(SO)- സ്വാന്തനം പരിചരണ പദ്ധതി | ₹ 33,684<br>BRNo. 2007100179550<br>Date 20.05.2020<br>ഫണ്ട്:- ജില്ലാപഞ്ചായത്ത് വിഹിതം | PRF5391<br>Date 18.03.2020<br>₹ 33,684 | 33,684-യുടെ മരുന്ന് ലഭിക്കുവാനുണ്ട് |
| 3. | S0108/21- സ്വാന്തനം പരിചരണ പദ്ധതി | ₹ 5,00,000<br>BRNo. 2007101365288<br>Date 26.03.2021<br>ഫണ്ട്:- ജില്ലാപഞ്ചായത്ത് വിഹിതം | PRF 42925<br>Date 29.01.2021<br>₹ 5,00,000 | 1,04,966-യുടെ മരുന്ന് ലഭിക്കുവാനുണ്ട് |

മേൽ പട്ടിക പ്രകാരം വിവിധ പദ്ധതികളിലായി ലഭിക്കുവാനുള്ള ₹1,47,750 രൂപയുടെ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.1 തീയതി 20.06.2022) മറുപടി ആയി അവ അടിയന്തിരമായി ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. മരുന്ന് ലഭ്യമാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത – സാന്ത്വനം പരിചരണ പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്നു

പി.എച്ച്.സി-യ്ക്ക് മരുന്നുവാങ്ങൽ (S109/21), സാന്ത്വനം പരിചരണ പദ്ധതി (S108/21) എന്നീ പദ്ധതികൾ മുഖേന 5,33,684 രൂപ ചെലവഴിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങിയിരുന്നു. അവ പി.എച്ച്.സി-യിൽ നിന്നും സബ്സെന്ററുകളിൽ എത്തിച്ച വകയിൽ 1550 രൂപയും, ഈ ആവശ്യത്തിലേക്ക് വാഹനം വാടകയ്ക്ക് എടുത്ത വകയിൽ 850 രൂപയും ചെലവഴിച്ചിട്ടുണ്ട്. സ്റ്റോക്ക് ചെയ്ത മരുന്ന് സൂക്ഷിക്കേണ്ട സ്ലാബുകൾ വൃത്തിയാക്കിയ ഇനത്തിൽ

600 രൂപയുടെ ചെലവും നടത്തിയിട്ടുണ്ട്. സ.ഉ.(സാധാ)നം. 553/2019 തസ്വഭവ തീയതി 07.03.2019 ആയി പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പരിഷ്കരിച്ച മാർഗ്ഗരേഖയിൽ പദ്ധതി പ്രകാരം വാങ്ങിയ മരുന്നും ഉപകരണങ്ങളും സൂക്ഷിക്കേണ്ടത് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ തന്നെയാണ്. എന്നാൽ അതിനുപകരം അവ സബ് സെന്ററിലേക്ക് മാറ്റി അവിടെ സൂക്ഷിച്ചത് ക്രമപ്രകാരമല്ല. ഇപ്രകാരം പി.എച്ച്.സി-യിൽ സൂക്ഷിക്കേണ്ട മരുന്ന് സബ്സെന്ററുകളിലേക്ക് കൊണ്ടുപോകുന്നതിനായി തുക ചെലവഴിക്കുന്നതിന് മേൽ സൂചിപ്പിച്ച മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ അതിനു വിരുദ്ധമായാണ് തുക ചെലവഴിച്ചത്. അപാകതിന്മേൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.2 തീയതി 20.06.2022) ലഭ്യമാക്കിയ മറുപടിയിൽ, പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങളുടെ പരിമിതിമൂലം മരുന്നും അനുബന്ധ ഉപകരണങ്ങളും സൂക്ഷിക്കുന്നതിന് വേണ്ട സ്ഥല സൗകര്യമില്ലാത്തതിനാലാണ് അവ സബ്സെന്ററുകളിൽ സൂക്ഷിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

മരുന്നും ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. മരുന്നിന്റെ വിതരണത്തിൽ അപാകം ഉണ്ടായിട്ടുണ്ടോയെന്ന് മെഡിക്കൽ ഓഫീസർ പരിശോധിച്ച് ഉറപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1- 27 തനത് ഫണ്ട് പിൻവലിക്കൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

തനത് ഫണ്ട് അക്കൗണ്ടായ SBI അക്കൗണ്ട് നം.67358449190 എന്ന അക്കൗണ്ടിൽ ചെക്ക് ഉപയോഗിച്ച് ചുവടെ പറയും പ്രകാരം നടത്തിയിട്ടുള്ള പിൻവലിക്കലുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. പ്രസ്തുത ചെലവുകൾ ഐ.എൽ.ജി.എം.എസിൽ അക്കൌണ്ട് ചെയ്യുകയോ വൗച്ചറുകൾ സ്കാൻ ചെയ്ത് ടി അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് അപ്‌ലോഡ് ചെയ്യുകയോ ഉണ്ടായിട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം & തീയതി | ചെലവിനം രേഖപ്പെടുത്താത്ത തുക | റിമാർക്സ് |
|---|---|---|---|
| 1 | 261137/ 17.09.20 | 5415 | ചെലവിനം രേഖപ്പെടുത്തിയിട്ടില്ല |
| 2 | 261139/ 23.09.20 | 2521 | ആകെ 30093 രൂപ പിൻവലിച്ചതിൽ തെരുവുവിളക്കുകളുടെ 8/2020 ലെ വൈദ്യുതിചാർജിന് 15469 രൂപ, പഞ്ചായത്ത് ഓഫീസിന്റെ 15.7.2020 മുതൽ 14.9.2020 വരെയുള്ള വൈദ്യുതിചാർജിനത്തിൽ 12103 രൂപ എന്നിവയുടെ ചെലവുരേഖകൾ ലഭ്യമാക്കി. ബാക്കി 2521 രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. |
| 3 | 2937104/ 20.08.20 | 1250 | ചെലവിനം രേഖപ്പെടുത്തിയിട്ടില്ല |
| 4 | 261171/ 16.11.20 | 1004 | ചെലവിനം രേഖപ്പെടുത്തിയിട്ടില്ല |
| 5 | 261178/ 16.11.20 | 12709 | ചെലവിനം രേഖപ്പെടുത്തിയിട്ടില്ല |
| 6 | 261224 02.02.21 | 4821 | പിൻവലിച്ച 61219 രൂപയിൽ പഞ്ചായത്ത് ദിനാഘോഷ വിഹിതം ഇനത്തിൽ 5000 രൂപ, പങ്കാളിത്തപ്പെൻഷൻ പഞ്ചായത്ത് വിഹിതം ഇനത്തിൽ 12114 രൂപ, പങ്കാളിത്തപ്പെൻഷൻ ജീവനക്കാരുടെ വിഹിതം ഇനത്തിൽ 12114 രൂപ, ഡ്രൈവറുടെ 1/2021 ലെ വേതനം ഇനത്തിൽ 10010 രൂപ, ആയുർവേദ ആശുപത്രിയിലെ അറ്റന്ററുടെ 1/2021 ലെ വേതനം ഇനത്തിൽ 17160 രൂപ എന്നിവയുടെ ചെലവുരേഖകൾ ലഭ്യമാക്കി. ബാക്കി 4821 രൂപയുടെ വൗച്ചറുകൾ ലഭ്യമാക്കിയില്ല. |

| | | | |
|---|---|---|---|
| 7 | 261227<br>02.02.21 | 3400 | പിൻവലിച്ച 16205 രൂപയിൽ പ്രിന്റർ സർവ്വീസ് ചെയ്ത ഇനത്തിൽ നൽകിയ തുക 2050 രൂപ, ഇലക്ഷൻ ഫണ്ട് 5 പേർക്ക് തിരികെ നൽകിയ ഇനത്തിൽ 5000 രൂപ, സർവ്വേ ചാർജ്ജ് ഒടുക്കിയ വകയിൽ നൽകിയ 255 രൂപ, ഇലക്ഷന് ബൂത്ത് അറേഞ്ച്മെന്റിനായി നൽകിയ 4000 രൂപ, മിനി എം.സി.എഫ്.-ന് വേണ്ടി പൂട്ട് വാങ്ങിയ ഇനത്തിൽ 1500 രൂപ എന്നിവയുടെ ചെലവുരേഖകൾ ലഭ്യമാക്കി. ബാക്കി 3400 രൂപയുടെ വൗച്ചറുകൾ ലഭ്യമാക്കിയില്ല. |
| 8 | 705407<br>01.03.21 | 2265 | ചെലവിനം രേഖപ്പെടുത്തിയിട്ടില്ല |
| ആകെ | | ₹ 33,385 | |

മേൽ പരാമർശിച്ച ചെക്ക് വഴിയുള്ള പിൻവലിക്കലിന്റെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.13 തീയതി 24.06.2022) മറുപടി ലഭ്യമാക്കി. ഐ.എൽ.ജി.എസ് ആരംഭിച്ച സമയം ആയതിനാൽ ഈ സോഫ്റ്റ്‌വെയറെ സംബന്ധിച്ച് അവഗാഹം ഉണ്ടായിരുന്നില്ല എന്നും ഈ ചെലവ് ബിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിൽ പിഴവ് സംഭവിച്ചതായും ആയത് പരിഹരിക്കുന്നതാണെന്നും വിശദീകരിക്കപ്പെട്ടു. മേൽസൂചിപ്പിച്ച ചെലവുകളുടെ വൗച്ചറുകളും രേഖകളും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 33,385 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവുകൾ പൂർണ്ണമായും ഐ.എൽ.ജി.എസ് –ൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സബ്സിഡി ഇനത്തിൽ അധികമായി അനുവദിച്ച തുക നിരാകരിക്കുന്നു

1. വാഴകൃഷി വികസനവുമായി ബന്ധപ്പെട്ട് പൊതുവിഭാഗം വികസനഫണ്ട് വകയിരുത്തി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി (പ്രോ.നം.22/21) KAICO-യിൽ നിന്ന് 2600 വാഴവിത്തുകളും 2400 കി.ഗ്രാം. ജൈവവളവും 1,00,000 രൂപ ചെലവഴിച്ച് (ബിൽ നം.226/25.02.21) വാങ്ങിയിട്ടുണ്ട്. ജൈവവളം വാങ്ങിയതിന്റെ വില 48,000 രൂപ പൂർണ്ണമായും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗനിർദ്ദേശം അനുസരിച്ച് ജൈവവളം വാങ്ങുന്നതിന് 75% സബ്സിഡിയാണ് പൊതുവിഭാഗത്തിന് അനുവദനീയമായത്. 25% തുക ഗുണഭോക്തൃ വിഹിതം ഇനത്തിലാണ് ചെലവഴിക്കേണ്ടത്. ഇതനുസരിച്ച് 36,000 രൂപ മാത്രമാണ് വികസനഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടത്. ആയതിന് വിരുദ്ധമായി, വികസനഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച 12,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സബ്സിഡിത്തുക പൂർണ്ണമായി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചതിന് മറുപടി ലഭ്യമാക്കുവാനും വാഴവിത്തുകളുടേയും ജൈവവളത്തിന്റേയും വിതരണ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/21.06.2022) മറുപടി ലഭ്യമാക്കുകയോ വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിതരണ രജിസ്റ്ററിന്റെ അഭാവത്തിൽ, നിരാകരിച്ച തുക 12,000 രൂപ കിഴിച്ച് അവശേഷിക്കുന്ന ചെലവ് തുക 88,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ചീരഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിഭാഗം വികസനഫണ്ട് വകയിരുത്തി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി (പ്രോ.നം.26/21) KAICO-യിൽ നിന്ന് 55 പായ്ക്കറ്റ് ചീരവിത്തുകളും 250 കി.ഗ്രാം. ജൈവവളവും 25,000 രൂപ ചെലവഴിച്ച് (ബിൽ നം.227/25.02.2021) വാങ്ങിയിട്ടുണ്ട്. ജൈവവളം വാങ്ങിയതിന്റെ വില 5000 രൂപ പൂർണ്ണമായും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗനിർദ്ദേശം അനുസരിച്ച് ജൈവവളം വാങ്ങുന്നതിന് 75% സബ്സിഡിയാണ് അനുവദനീയമായത്. 25% തുക

ഉണഭോക്തൃ വിഹിതം ഇനത്തിലാണ് ചെലവഴിക്കേണ്ടത്. ആയതിന് വിരുദ്ധമായി, വികസനഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച 1250 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സബ്സിഡിത്തുക പൂർണ്ണമായി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചതിന് മറുപടി ലഭ്യമാക്കുവാനും ചീരവിത്തുകളുടേയും ജൈവവളത്തിന്റേയും വിതരണ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/21.06.2022) മറുപടി ലഭ്യമാക്കുകയോ വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിതരണ രജിസ്റ്ററിന്റെ അഭാവത്തിൽ, നിരാകരിച്ച തുക 1250 രൂപ കിഴിച്ച് അവശേഷിക്കുന്ന ചെലവ് തുക 23,750 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| 2 | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| 3 | | 487106 | എം.സി.എഫ് നിർമ്മാണം | 487106 | 0 |
| 4 | | 1000000 | ലൈഫ് മിഷൻ (എസ്.സി) | 0 | 1000000 |
| 5 | ജില്ലാ പഞ്ചായത്ത് | 100000 | ആശ്രയ | 100000 | 0 |
| 6 | | 270000 | നെൽകൃഷി വികസനം | 270000 | 0 |
| 7 | | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| 8 | | 500000 | സാന്ത്വനം | 500000 | 0 |
| 9 | | 33000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 33000 | 0 |
| 10 | | 100000 | ആശ്രയ (സ്പിൽ ഓവർ) | 100000 | 0 |
| 11 | | 85785 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 85785 | 0 |
| 12 | | 500000 | നെൽകൃഷി വികസനം (സ്പിൽ ഓവർ) | 500000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ് | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 300000 | 0 | 300000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഉണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലോൺ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC ലൈഫ് | 9872392 | 9134705 | 790039 | 0 | 8344666 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 661389 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ലഭിച്ച പലിശ | 41658 |
| ആകെ | 703047 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 300000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 403047 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | നെടുമ്പ്രം സർവ്വീസ് സഹകരണ ബാങ്ക് | 31.03.2021 | 6 മാസം | 403047 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2004-2005 | 1.1(1)(1) | മരാമത്ത് പണികൾ | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 1.11 | നികുതികളും വിഹിതങ്ങളും അടയ്ക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 2.2 | നിക്ഷേപ പദ്ധതികൾ പൂർത്തിയായില്ല | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 2.4 | കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2007-2008 | 3.13 | പൊതു പരാമർശം | പരാമർശം നിലനിൽക്കുന്നു |
| 2011-2012 | 2.3 | നികുതി പിരിച്ചെടുക്കുന്നതിൽ | പരാമർശം |

| | | | |
|---|---|---|---|
| | | വീഴ്ച | നിലനിൽക്കുന്നു |
| 2014-15 | 2.1 | തൊഴിൽനികുതി | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.2 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2.5 | സ്ഥാപന തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | ₹ 68,744,328 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹ 59,923,190 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ 13250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 27,36,872 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 13250 | ശ്രീ ഷായിസ് എസ്., കൃഷി ഓഫീസർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-13 | 1300000 | ശ്രീ ഷായിസ് എസ്., കൃഷി ഓഫീസർ |
| 1-15 | 1291737 | ശ്രീ ഷായിസ് എസ്., കൃഷി ഓഫീസർ |
| 1-27 | 33385 | ശ്രീ പി. മനോജ്കുമാർ, സെക്രട്ടറി |
| 3-1 | 111750 | ശ്രീ ഷായിസ് എസ്., കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷായിസ്.എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>ചിതറ കൃഷി ഭവൻ<br>കൊല്ലം ജില്ല | കാവുവിള വീട്<br>വെഞ്ഞാറമ്മൂട് (പി.ഒ)<br>തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീ പി. മനോജ്കുമാർ, സെക്രട്ടറി | സെക്രട്ടറി<br>നെടുമ്പ്രം പഞ്ചായത്ത് | പാലിയിൽ വീട്<br>തിരുവല്ല<br>പിൻ – 689101 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം ., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-514/00<br>തീയതി:11.12.00 | 9 |
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി3-38/02<br>തീയതി:13.05.02 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ/പി4-705/03<br>തീയതി:02.06.04 | 6 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി4-486/03<br>തീയതി:13.10.03 | 6 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി4-487/03<br>തീയതി:13.10.03 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി4-21/05<br>തീയതി:25.07.05 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4/361/05<br>തീയതി:10.02.06/30.03.06 | 31 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി5-484/07<br>തീയതി:21.02.08/29.03.08 | 7 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി6-254/11<br>തീയതി:04.10.11/09.02.12 | 1 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി6-255/11<br>തീയതി:04.10.11/01.09.12 | 10 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ/പി-11-992/12<br>തീയതി:01.01.12/04.07.13 | 15 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/732/2016<br>തീയതി 16.07.2016 | 5 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/1449/16<br>തീയതി 10.01.2017 | 22 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/905/17<br>തീയതി 16.08.17 | 28 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി4/128/19<br>തീയതി 02/03/19 | 31 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി4/161/20<br>തീയതി 16/03/20 | 16 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി4/230/22<br>തീയതി | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്